**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6702 — 04/04/2018-ൽ മറുപടിയ്ക്ക്

# പ്രീ പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കുമുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതു വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദീകരിക്കുമോ; | (എ) | പൊതു വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് 10,000/- രൂപയും (പതിനായിരം രൂപ മാത്രം) ആയമാർക്ക് 6,000/- രൂപയും (ആറായിരം രൂപ മാത്രം) ഓണറേറിയമായി അനുവദിച്ചു വരുന്നു. ഇവർക്ക് ആകസ്മികാവധി, പ്രസവാവധി എന്നിവ സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇവർക്ക് പ്രസവാവധി അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത കാലത്ത് ഇവർക്ക് ശമ്പളം നൽകുന്നുണ്ടോ; വിശദീകരിക്കാമോ; | (ബി) | അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കാലത്ത് സ്ത്രീകളെന്ന പ്രത്യേക പരിഗണന നൽകി 6 മാസം ഓണറേറിയത്തോടുകൂടി ഇവർക്ക് പ്രസവാവധി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | ഇവിടെ ഏകീകൃതമായ പാഠ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; കാലോചിതമായ ട്രെയിനിംഗ് അധ്യാപകർക്ക് നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | എസ്.സി.ഇ.ആർ.ടി യുടെ നിയന്ത്രണത്തിലുള്ള പ്രത്യേക കരിക്കുലം കമ്മിറ്റിയുടെ പാഠ്യപദ്ധതി നടപ്പാക്കി വരുന്നു. ഇവർക്ക് എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതി പ്രത്യേക ട്രെയിനിംഗ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ